# അലീഗർ മുസ്‌ലിം വിമൻസ് കാളേജ്

(മിസ്സ് എം. റഹ്മാ, അലീഗർ)

ഒരു സുപ്രസിദ്ധ സാഹിത്യകാരനും "ഡോൺ" പത്രാധിപരുമായ മി. എം. എ. ശുക്കൂർ എം. എ. എൽ. എൽ. ബി.-യുടെ സഹോദരിയും അലിഗർ മുസ്‌ലിം വിമൻസ് കാളേജ് വിദ്യാർത്ഥിനിയുമായ ശ്രീമതി റഹ്മാ ബീവിയുടെ ഈ ലേഖനം വായനക്കാർക്ക് വിജ്ഞാനപ്രദമായിരിക്കുമെന്ന് വിശ്വസിക്കുന്നു. (Editor)

അലീഗർ മുസ്‌ലിം സർവ്വകലാശാല ഇൻഡ്യയിലെന്നുമാത്രമല്ല പൌരസ്ത്യദേശത്തുതന്നെ ആകമാനം പ്രസിദ്ധമായിത്തീർന്നിട്ടുണ്ടെങ്കിലും അതിൻെറ സീമന്തപുത്രിയുടെ സ്ഥാനത്ത് അവിടെ പരിലസിച്ചു വരുന്ന മുസ്‌ലിം ബാലികാവിദ്യാലയത്തേയും വിമൻസ് കാളേജിനെയും പററി കേട്ടിട്ടുള്ളവർ ചുരുക്കമാണ്. സർ സെയ്യിദ് അഹമ്മദ്ഖാൻ അലീഗറിൽ മുസ്‌ലിം കാളേജ് സ്ഥാപിച്ച കാലത്ത് അദ്ദേഹത്തിനു വമ്പിച്ച എതിരാണ് അന്നത്തെ മുസ്‌ലിം സമുദായത്തിൽ നിന്നും ഉണ്ടായത്. ആ കാളേജാണ് കാലാന്തരത്തിൽ ഇന്നു കാണുന്ന വിപുലമായ സർവകലാശാലയായിത്തീർന്നത്. ബാലന്മാരുടെയും യുവാക്കന്മാരുടെയും വിദ്യാഭ്യാസത്തിനുവേണ്ടിയുള്ളതായിരുന്നു ആ കാളേജ്. പുരുഷന്മാർ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യുന്നതിനെ സംബന്ധിച്ച് അത്രവലിയ എതിരഭിപ്രായമുണ്ടായിരുന്നതും, ഇന്നും കർശനമായ പർദാസമ്പ്രദായത്തെ മുറുകെ പിടിച്ചിരിക്കുന്നതുമായ വടക്കെ ഇൻഡ്യയിലെ മുസ്‌ലിം സമുദായം സ്ത്രീകളെ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യിക്കാനുള്ള ഉദ്യമത്തെ എത്ര ശക്തിയായി എതിർത്തിട്ടുണ്ടാവുമെന്നു ഊഹിക്കാവുന്നതാണല്ലോ.

ഉൽഭവം.

ഇന്നു കാണുന്ന വിമൻസ് കാളേജിൻെറ അടിസ്ഥാനമായ ബാലികാവിദ്യാലയം 1097-ലാണ് ആരംഭിച്ചത്. അന്ന് അതു വെറുമൊരു പ്രാഥമിക വിദ്യാലയമായിരുന്നു. അലിഗറിലെ ഒരു മുസ്‌ലിം സമാജത്തിൻെറ മേൽനോട്ടത്തിലാണ് അതു തുടങ്ങിയത്. അതിൻെറ പ്രധാന ഉത്സാഹി ഇവിടത്തെ ഒരു അദ്ധ്യാപകനായ ഖാൻ ബഹദൂർ എസ്സ്. എം. അബ്ദുല്ലാ ആയിരുന്നു. ഏററവും എളിയ നിലയിൽ തുടങ്ങിയ ഈ വിദ്യാലയത്തിന് ആദ്യകാലത്തു സ്വന്തമായി ഒരു കെട്ടിടംപോലുമില്ലായിരുന്നതുകൊണ്ട് വാടകയ്ക്കെടുത്ത ഒരു കെട്ടിടത്തിലാണു നടത്തപ്പെട്ടുവന്നത്. കേവലം പ്രാഥമിക വിദ്യാഭ്യാസം ആയിരുന്നു അവിടെ നൽകിവന്നത്. എങ്കിലും സാധാരണ ജനങ്ങളുടെയിടയിൽ മുല്ലാമാരുടെയും, മൌലവിമാരുടെയും പ്രേരണമൂലം വലിയ എതിരാണുണ്ടായത്. പക്ഷെ ബാലികാവിദ്യാലയം തുടങ്ങുന്ന കാലത്ത് മുസ്‌ലിം കാളേജ് (ഇന്നത്തെ സർവകലാശാല) പ്രാതികൂല്യങ്ങളെ ഒക്കെ അതിജീവിച്ച് സുശക്തമായിത്തീർന്നിരുന്നത് അതിന് ഒരു തുണയായി ഭവിച്ചു. ഇന്നും വിമൻസ് കാളേജിനെയും വിദ്യാർത്ഥിനി മന്ദിരത്തേയും അപലപിക്കുന്നവർ ചുരുക്കമല്ല. പക്ഷേ സകല എതിർപ്പുകളെയും മറികടന്ന് ഈ സ്ഥാപനം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു വരികതന്നെ ചെയ്യുന്നു. 1907-ൽ വാടകക്കെട്ടിടത്തിൽ തുടങ്ങിയ വിദ്യാലയം 1914-ൽ വിദ്യാർത്ഥി മന്ദിരത്തിനോടുചേർന്നുള്ള സ്വന്തമായ ഒരു പുതിയ കെട്ടിടത്തിലേയ്ക്കു മാററപ്പെട്ടു. അധികം താമസിയാതെ അത് ഒരു ഹൈസ്കൂളായി ഉയർത്തപ്പെടുകയും, യഥാകാലം എം. എ. ക്ലാസ്സുവരെയുള്ള കാളേജായിത്തീരുകയും ചെയ്തു. ഇന്നു ഇവിടെ ബി. എ., എം. എ., ബി. ററി., എന്നീ ക്ലാസ്സുകളിൽ സകല വിഷയങ്ങളും എടുത്തു പഠിക്കുന്ന മുസ്‌ലിം യുവതികളുണ്ട്. നാലഞ്ചുലക്ഷം ഉറുപ്പിക വിലവരുന്ന കെട്ടിടങ്ങളാണ് ഈ സ്ഥാപനത്തിന് ഇന്നുള്ളത്.

സാങ്കേതികമായും നിയമപരമായും ഉള്ള ചില തടസ്സങ്ങളുണ്ടായിരുന്നതുകൊണ്ട് 1942-വരെ വിമൻസ് കാളേജിന് സ്വതന്ത്രമായ ഒരു നില ഇല്ലായിരുന്നു. മുസ്‌ലിം സർവകലാശാലയ്ക്കു മററു കാളേജുകളെ അംഗീകരിക്കാനുള്ള അധികാരമില്ലായിരുന്നതുകൊണ്ട് വിമൻസ് കാളേജിലെ ക്ലാസുകളെ സർവകലാശാലയിലെ ക്ലാസുകളുടെ ഒരംശമായി പരിഗണിക്കേണ്ടിവന്നു. എന്നാൽ ഇതു സംബന്ധമായ നിയമത്തിൽ കേന്ദ്രനിയമസഭ വേണ്ട ഭേദഗതി വരുത്തിയതോടുകൂടി സർവകലാശാലയ്ക്ക് അംഗീകരണാധികാരം സിദ്ധിക്കുകയും, അതിനെ തുടർന്ന് വിമൻസ് കാളേജ് ഒരു പ്രത്യേക സ്ഥാപനമായിത്തീരുകയും ചെയ്തു. കാളേജ് സർവകലാശാലയുടെ മേൽനോട്ടത്തിലാണെങ്കിലും അതു സ്വയം ഭരണാധികാരമുള്ള ഒരു പ്രത്യേക സ്ഥാപനമാണ്.

ഷെയ്ഖ് അബ്ദുല്ലാ

പ്രായാധിക്യംകൊണ്ടും ദീർഘകാലത്തെ സേവനംകൊണ്ടും ഈ സ്ഥാപനത്തിൻെറ നടത്തിപ്പിൽ കാണിക്കുന്ന അതിരററ താല്പര്യംകൊണ്ടും ഖാൻ ബഹദൂർ ഷെയിഖ് അബ്ദുല്ലായെ വിമൻസ് കാളേജിൻെറ പിതാവായിട്ടാണ് ഗണിച്ചുവരുന്നത്. എഴുപതു വയസ്സു പ്രായമുള്ള ഈ വയോവൃദ്ധൻ ഇന്നും മുസ്‌ലിം സ്ത്രീവിദ്യാഭ്യാസ വിഷയത്തിൽ കാണിക്കുന്ന ഔൽസുക്യവും, അതിനു വേണ്ടി ദിനംപ്രതി ചെയ്യുന്ന പ്രയത്നവും ശ്ലാഘനീയമാണ്. അദ്ദേഹത്തിന് വിദ്യാർത്ഥിനികളോട്. പുത്രീനിർവിശേഷമായ സ്നേഹമാണുള്ളത്. "എൻെറ പ്രിയപ്പെട്ട പുത്രി" എന്നാണ് അദ്ദേഹം വിദ്യാർത്ഥിനികളെ സംബോധന ചെയ്യുന്നത്. വിദ്യാർത്ഥിനികളും അദ്ദേഹത്തെ ഒരു പിതാവിനു തുല്യം ബഹുമാനിക്കുന്നു. അദ്ദേഹത്തെ അവർ "പാപ്പാ" എന്നാണ് വിളിക്കുന്നത്. ആണ്ടുതോറും അവർ സ്ഥാപകദിനം കൊണ്ടാടാറുണ്ട്. മൂന്നുനാലുദിവസം വലിയ കോലാഹലമായിരിക്കും. അലങ്കാരങ്ങൾ, ദീപക്കാഴ്ചകൾ, പ്രദർശനങ്ങൾ, കായികാഭ്യാസങ്ങൾ, മത്സരക്കളികൾ, യോഗങ്ങൾ, പ്രസംഗമത്സരങ്ങൾ, സദ്യകൾ, സല്ക്കാരങ്ങൾ ഇവയാണ് അന്നത്തെ കാര്യപരിപാടി. ഇതിൽ പുറമെനിന്നു മാന്യാതിഥികളും, പുരാതന വിദ്യാർത്ഥിനികളും (Old Girls) പങ്കെടുക്കാറുണ്ട്. കൂടാതെ ആണ്ടുതോറും ജൂലൈ 21-ാം തിയതി പാപ്പായുടെ "ജന്മദിനം" കൊണ്ടാടാറുണ്ട്. അന്നും വലിയ കോലാഹലമായിരിക്കും. ഇത്തവണത്തെ ആഘോഷത്തിൽ സർവകലാശാല വൈസ് ചാൻസലറായ ഡാക്ടർ സർ സിയാഉദ്ദീനും, പേർഷ്യൻ ഡിപ്പാർട്ടുമെൻറ് മേലധ്യക്ഷനായ ഡാക്ടർ ഹാദിഹസനും പങ്കെടുക്കുകയും, ഷെയ്ഖ് അബ്ദുല്ലാ സാഹിബിൻെറ സേവനങ്ങളെ ശ്ലാഘിച്ച് അഭിനന്ദനപ്രസംഗങ്ങൾ ചെയ്കയും, അദ്ദേഹത്തിൻെറ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

പരേതയായ ബീഗം അബ്ദുല്ലാ കാളേജിൻെറയും വിദ്യാർത്ഥിനി മന്ദിരത്തിൻെറയും നടത്തിപ്പിൽ വളരെ താല്പര്യം പ്രദർശിപ്പിക്കയും, പ്രയത്നം ചെയ്കയും ചെയ്തിട്ടുള്ള ഒരു സ്ത്രീയായിരുന്നു. കാളേജിനോട് അനുബന്ധിച്ചുള്ള വിദ്യാർത്ഥിനി മന്ദിരം അവരുടെ മഹനീയമായ ജീവിതത്തിൻെറ ഒരു പ്രതിച്ഛായയും അവരുടെ സേവനത്തിൻെറ പരിണതഫലവുമാണ്.

വിദ്യാർത്ഥിനിമന്ദിരം.

കാളേജിനോട് അനുബന്ധിച്ച് സകല സൌകര്യങ്ങളോടുംകൂടിയ രണ്ടു വലിയ വിദ്യാർത്ഥിനി മന്ദിരങ്ങളുണ്ട്. കാളേജിൽ പഠിക്കുന്ന നൂററിഅമ്പതോളം വിദ്യാർത്ഥിനികളിൽ അധികംപേരും അന്യദിക്കുകളിൽ നിന്നും വരുന്നവരായതുകൊണ്ട്, ഈ ഹോസ്ററൽ അവർക്കു വലിയൊരനുഗ്രഹമാണ്. അതുമാത്രവുമല്ല ഇവിടെയാണ് വിദ്യാർത്ഥിനികൾക്ക് യഥാർത്ഥമായ വിദ്യാഭ്യാസം സിദ്ധിക്കുന്നത്. കാളേജും, ഹോസ്ററലും സ്ഥിതിചെയ്യുന്നത് സർവകലാശാലയിൽ നിന്നും ഉദ്ദേശം രണ്ടുമൈൽ ദൂരെയാണ്. നാലുപുറവും കെട്ടിടങ്ങളും, പൊക്കമേറിയ മതിലുകളും കൊണ്ട് വളഞ്ഞിട്ടുള്ളതും, പുരുഷന്മാർക്കു പ്രവേശനമില്ലാത്തതുമായ ഒരു വിശാലസ്ഥലത്താണ് കാളേജും ഹോസ്ററലുകളും സ്ഥിതിചെയ്യുന്നത്. തോട്ടങ്ങളും. കളിസ്ഥലങ്ങളും എല്ലാം അതിനുള്ളിൽ തന്നെ ഉണ്ട്. വിദ്യാർത്ഥിനികളുടെ ബന്ധുക്കളായിരുന്നാൽകൂടി പുരുഷന്മാർക്കു ഇതിനകത്തു കടക്കുവാൻ അനുവാദമില്ല. അടുത്ത ബന്ധുക്കൾക്കു ചില നിശ്ചിത സമയങ്ങളിൽ പ്രിൻസിപ്പാളിൻെറയോ വാർഡൻെറയോ അനുവാദത്തോടുകൂടി വിദ്യാർത്ഥിനികളെ കാണാവുന്നതാണ്. അതിലേയ്ക്കു പ്രത്യേകം ഒരു കെട്ടിടം ഉണ്ട്.

(തുടരും)

# അലിഗർ മുസ്‌ലിം വിമൻസ് കാളേജ്

(മിസ്സ് എം. റഹ്മാ ബീവി)

II

സാമൂഹ്യജീവിതം

ഇവിടത്തെ സാമൂഹ്യജീവിതമാണ് ഏററവും ആകർഷകമായിട്ടുള്ളതു്. ഇതെഴുതുന്ന ആൾ ഒരു തിരുവിതാംകൂർകാരിയും, ഈ സ്ഥലത്തു് ഏകാകിനിയായി മററ മലബാർകാരികളായ സഖികളാരുമില്ലാതെ കഴിയുന്നവളുമാണെങ്കിലും ഇവിടെ വന്ന അന്നുതൊട്ട് ഇന്നുവരെ അന്യനാട്ടിലാണ താമസിക്കുന്നതു് എന്നു തോന്നാത്തവിധത്തിലാണ് ജീവിക്കുന്നതു്. ആദ്യകാലത്തു ഉർദുഭാഷ വശമില്ലായിരുന്നതുകൊണ്ടു് സാമൂഹ്യജീവിതത്തിൽ അല്പം ബുദ്ധിമുട്ടതോന്നിയിരുന്നുവെങ്കിലും, ഭാഷ വശമായതോടുകൂടി ഇവിടത്തെ ജീവിതത്തിൽ ഒരു പ്രത്യേക മമത തോന്നുന്നുണ്ടു്. വിദ്യാർത്ഥിനികൾ തമ്മിലുള്ള സാഹോദര്യം ഇവിടത്തെ ഹോസ്ററലിലെ പോലെ മറെറവിടെയെങ്കിലും കാണുമോ എന്നു സംശയമാണ്. അതു മൗലികമായ ഇസ്‌ലാമിക സാഹോദര്യത്തിൽ നിന്നു ജനിച്ചിട്ടുള്ളതായിരിക്കണം. സാമൂഹ്യജീവിതത്തെ സംബന്ധിച്ചിടത്തോളം വിമൻസ് കാളേജ്, മുസ്‌ലിം സർവ്വകലാശാലയുടെ ഒരു ശരിപ്പകർപ്പാണ്. അവിടത്തെ നടപടികളും സമ്പ്രദായങ്ങളും ഇവിടെ ഉണ്ടു്. പരസ്പരമുള്ള പെരുമാററവും, സ്നേഹവും, അന്യോന്യമുള്ള സഹായവും, സൽക്കാരവും, തമാശകളും, വിനോദങ്ങളും, വിദ്യാർത്ഥിനികളെ കേവലം പുസ്തകപ്പുഴുക്കളായി കഴിഞ്ഞുകൂടുവാൻ അനുവദിക്കയില്ല. അദ്ധ്യാപികമാരും വിദ്യാർത്ഥിനികളും തമ്മിലുള്ള അടുപ്പവും, സാമൂഹ്യമായ ഇടപെടലും മററും തിരുവിതാംകൂറിൽ കേട്ടുകേൾവിപോലുമുള്ളതല്ല. ക്ലാസുമുറി വിട്ടാൽ പിന്നെ അദ്ധ്യാപികമാരും വിദ്യാർത്ഥിനികളും തമ്മിൽ വ്യത്യാസമില്ല. അവർ ഒരുമിച്ചു കളിയ്ക്കും, ചിരിക്കും, വെടിപറയും, ഭക്ഷണം കഴിയ്ക്കും, ഇതു മുസ്‌ലിം സർവ്വകലാശാലയിൽ നിന്നും പകർന്നിട്ടുള്ള ഒരു നല്ല നടപടിയാണ്. സർവ്വകലാശാലയിലെ പോലെ ജൂനിയർ വിദ്യാർത്ഥിനികൾക്കു സീനിയർ വിദ്യാർത്ഥിനികളോടു് ബഹുമാനവും ആദരവുമാണ്. സീനിയർമാർക്കു ജൂനിയർമാരുടെമേൽ ചില്ലറ സ്വാതന്ത്ര്യങ്ങളുമില്ലെന്നില്ല. അവർ ഏതാണ്ടു് മൂത്തസഹോദരിമാർക്കു തുല്യമാണ്. കാളേജിലെയും, ഹോസ്ററലിലെയും ഉന്നതസ്ഥാനങ്ങളും, ഉത്തരവാദിത്വമുള്ള ഉദ്യോഗങ്ങളും പ്രായേണ അവർക്കാണ്. കാളേജ് തുറക്കുന്ന വാരത്തിൽ ആദ്യമായി വന്നുചേരുന്ന വിദ്യാർത്ഥിനികളെ (അവരെ Freshers എന്നാണ പറയുക) അവർ ഒന്നു കളിയാക്കി വിനോദിക്കുക എല്ലാ വർഷത്തിലും പതിവാണ്. അതു് ഒരു ദിവസമേ ഉണ്ടാകൂ. അതു കഴിഞ്ഞാൽ ആവർത്തിക്കുകയില്ല, പിന്നീട്ട് എല്ലാപേരും തുല്യരാണ്. അന്നുമുതൽ സ്നേഹബന്ധം ഉറയ്ക്കുകയായി. ഈ ചടങ്ങിനു് Introduction party (പരിചയപ്പെടുത്തൽ) എന്നാണ് അവർ പേരിട്ടിട്ടുള്ളതു്. ജൂനിയർസിനെ സീനിയർസിനു പരിചയപ്പെടുത്തുകയാണ ഇതിന്റെ ഉദ്ദേശം. പക്ഷെ ഈ പരിചയപ്പെടുത്തലിനിടയിൽ ധാരാളം തമാശകളും, പൊട്ടിച്ചിരികളും, ഫലിത വാക്കുകളും, ഉണ്ടാവും. ജൂനിയർസിനെ കൊണ്ടു് പാടിക്കയും ആടിക്കയും ഒക്കെ ചെയ്യാറുണ്ടു്. അവസാനം ഇതു സംബന്ധിച്ചുള്ള ഒരു സൽക്കാരത്തിനായി ഒരു ചെറിയ സംഭാവനയും വാങ്ങി, അവർ തങ്ങളുടെ ഫലിതത്തിന് ഇരയായിത്തീർന്ന വിദ്യാർത്ഥിനിയെ വിട്ട് വേറൊരു മുറിയിലേക്കു പോകും. ഇതൊക്കെ കഴിഞ്ഞു് ഒരു പാർട്ടി ഉണ്ടു്. കേമമായ സദ്യവട്ടങ്ങളൊക്കെ കാണും. അതിന്റെ ഉപസംഹാരമായി ഒരു യോഗവും ഉണ്ടാവും. സീനിയർ വിദ്യാർത്ഥിനികൾ ജൂനിയേഴ്സിനെ കളിയാക്കി ഫലിതപ്രസംഗങ്ങൾ ചെയ്കയും, ഫലിത രൂപത്തിലുള്ള സ്തുതിഗീതങ്ങൾ പാടുകയും ചെയ്യും. ഇതൊക്കെ കഴിഞ്ഞു് പരസ്പരം കൈപിടിച്ചു കുലുക്കി പിരിഞ്ഞുപോകും. ഇതോടുകൂടി "സഭാകമ്പ"മുള്ളവരുടെ സഭാകമ്പം പമ്പകടക്കും. തന്റേടവും ചുണയുമുള്ള കുട്ടികൾ സമഭാവനയോടും, സഹോദരസ്നേഹത്തോടും കൂടി കഴിഞ്ഞുകൂടുവാനുള്ള ആദ്യത്തെ പാഠം പഠിക്കുകയായി. ഇങ്ങിനെ അലിഗർ കാളേജിൽ സാമൂഹ്യജീവിതത്തിൽ അന്യോന്യം അടുപ്പം ഉണ്ടാക്കാൻ ഉപകരിക്കുന്ന വേറെയും കാര്യങ്ങൾ പലതുണ്ടു്.

കായിക വിനോദം.

കായികവിനോദം വിമൻസ് കാളേജിൽ നിർബന്ധമാണ്. അതിന് കാളേജധികൃതർ നിശ്ചയിച്ചിട്ടുള്ള യൂണിഫാറം ഉണ്ടു്. ബാററ്മിൻറൺ, ബാസ്ക്കററ്ബാൾ, ബേസ്ബാൾ, ടെന്നിസ്, ഇത്യാദി കളികളിൽ ദിവസേന ഏർപ്പെടുന്നതുകൊണ്ടു് വിദ്യാർത്ഥിനികളുടെ ആരോഗ്യം വളരെ നല്ലനിലയിലാണ്. കായികമായ വളർച്ചയെ മാത്രമല്ല ഹോസ്ററലിലെ ജീവിതം നിഷ്കർഷിക്കുന്നതു്. ആത്മീയമായ വളർച്ചയേയും പ്രത്യേകം ഗൗനിക്കുന്നുണ്ടു്. ഹോസ്ററലിൽ തന്നെ ഒരു മുറി പ്രത്യേകം പ്രാർത്ഥനയ്ക്കായിട്ടുണ്ടു്. അവിടെയാണ് വിദ്യാർത്ഥിനികൾ പ്രാർത്ഥന നടത്തുന്നതു്. പ്രാർത്ഥനയുടെ വിഷയത്തിൽ പ്രത്യേകം നിഷ്കർഷയാണ്. അതിൽ ശ്രദ്ധിക്കാൻ ചുമതലപ്പെട്ട പ്രാർത്ഥനാമാണിട്ടറായി ഒരു വിദ്യാർത്ഥിനിയെത്തന്നെ നിയമിച്ചിട്ടുണ്ടു്. ഇസ്‌ലാംമതസംബന്ധമായും, പ്രവാചകന്റെ ജീവചരിത്രത്തെ കുറിച്ചും, ഇസ്‌ലാമിക നിയമങ്ങളെപ്പററിയും ക്ലാസിൽ തന്നെ പഠിപ്പിക്കുന്നുണ്ടു്. അതിലേയ്ക്കു "ദീനിയാത്തു" എന്നു ഒരു പ്രത്യേക വിഷയംതന്നെ ഉണ്ടു്. അതു് സർവ്വകലാശാലാ പരീക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വിഷയമാണ്. സ്ത്രീകൾക്കു പ്രത്യേകമായി ഉപയോഗമുള്ള ഗൃഹഭരണം, ആരോഗ്യശാസ്ത്രം, വിദ്യാഭ്യാസം, പൌരധർമ്മം (Domestic-Science Domestic Hygiene, Education, Circs) ഈ വിഷയങ്ങൾ താഴ്ന്ന ക്ലാസുമുതൽ പഠിപ്പിക്കുന്നുണ്ടു്.

"പൎദാ"

ഇങ്ങനെയൊക്കെയാണെങ്കിലും മലബാറിൽ നിന്നും വരുന്ന ഒരു മുസ്‌ലിം സ്ത്രീയ്ക്കു് അസ്വാരസ്യമായി തോന്നുന്ന ഒരു സംഗതി ഇവിടെ ഉണ്ടു്. മലബാറിൽ അവിടത്തെ രീതിക്കൊത്ത ഒരുതരം പർദാസമ്പ്രദായം ഉണ്ടെങ്കിലും അതു സ്ത്രീകളെ കരിമ്പടം മൂടികളായി നടക്കാൻ നിർബന്ധിക്കുന്നില്ല. മലബാറിൽ മുസ്‌ലിംസ്ത്രീകൾ കണ്ടമാനം പുറത്തിറങ്ങി പുരുഷന്മാരുമായി ഇടകലർന്നു നട

(ശേഷം 5-ാംപേജിൽ)

## ഭാരത ചന്ദ്രിക തിരുനാൾ വിശേഷാൽപ്രതി

കേരളത്തിലെ സുപ്രസിദ്ധ എഴുത്തുകാരുടെ ൫൦-ൽപരം ഗദ്യപദ്യ ലേഖനങ്ങൾ കൊണ്ടും പ്രകൃതിരമണീയമായ ചിത്രങ്ങൾകൊണ്ട് ത്രിവർണ്ണത്തിൽ സമാലംകൃതമാകുന്ന ഈ വിശേഷാൽപ്രതി തുലാമാസം ൨൫-ാംനു ഏജൻറന്മാർക്ക് കിട്ടുന്നതാണ്. കന്നി ൨൫-ാംനു അച്ചടി ആരംഭിക്കും ലേഖനങ്ങളും പരസ്യങ്ങളും നേരത്തെ കിട്ടിയിരിക്കണം. പരസ്യം ശേഖരിക്കുന്നതിന് എല്ലാസ്ഥലത്തും ഏജൻറന്മാരെ ആവശ്യമുണ്ട്.

ഏജൻറന്മാർ കന്നി ൩൦-ാംനു-ക്കകം ആവശ്യമുള്ള കാപ്പികളുടെ വിവരം അറിയിക്കുകയും വിലയിൽ പകുതിസംഖ്യ അഡ്വാൻസായി അയക്കുകയും ചെയ്യണം. വില രൂപാ ൧.

മാനേജർ ഭാരതചന്ദ്രിക തിരുവല്ലാ.

(4–ാം പേജിൽനിന്നും തുടർച്ച)

ക്കുന്നില്ലാ എന്നുള്ളതു മാത്രമാണ് അവിടത്തെ പർദായുടെ ലക്ഷണം. യാത്ര ചെയ്യേണ്ടിവന്നാൽ മലബാറിലെ മുസ്ലിം സ്ത്രീകൾ മൂട്ടപടം കൂടാതെ സച്ഛന്ദം സഞ്ചരിക്കതന്നെ ചെയ്യാറുണ്ട്. പക്ഷെ ഇവിടെ അതിനു നിവൃത്തി ഇല്ല. വിശേഷിച്ചും അലിഗർ മുസ്ലിം വിമൻസു കാളേജിൽ അതൊട്ടും നിവൃത്തിയില്ല. എപ്പോഴെങ്കിലും കാളേജിൽ നിന്നും പുറത്തു പോകേണ്ടിവന്നാൽ 'ബുർഖൊ' എന്നു പറയുന്ന മൂട്ടപടം ഇട്ടുകൊണ്ടു വേണം പോകാൻ. നമ്മുടെ നാട്ടിലെ കുഞ്ഞുങ്ങൾ ഈ കരിമ്പടസത്വങ്ങളെ കണ്ടാൽ പേടിച്ചു നിലവിളിക്കാതിരിക്കയില്ല. യാഥാസ്ഥിതികന്മാരുടെ പ്രതിഷേധത്തെ ഭയന്നു് ഇന്നും വിമൻസുകാളേജിനു് ഇതു മാററാൻ ധൈര്യമുണ്ടായിട്ടില്ല. ഇതെഴുതുന്ന ആൾക്കു് ഈ കാളേജിൽ ചേരുന്ന കാലത്തു ഇതിൽ വളരെ പ്രതിഷേധം തോന്നി. പക്ഷെ കാളേജിലെ യൂണിഫാറത്തിൽ പെട്ടതായതുകൊണ്ടു് അതിനെ വേണ്ടെന്നു വയ്ക്കാൻ നിവൃത്തി ഇല്ല. കാളേജ് പ്രിൻസിപ്പൽ ഇതെഴുതുന്ന ആളുടെ ആശയത്തിൽ അനുഭാവമുള്ളയാളാണെങ്കിലും ഈ വിഷയത്തിൽ നിസ്സഹായയത്രെ. ഇത്രയൊക്കെ ആയിട്ടും യാഥാസ്ഥിതികർക്കു പ്രസ്തുത കാളേജിനോടുള്ള വിപ്രതിപത്തി നിലനിൽക്കുന്നു. സയൻസ് പഠിക്കുന്ന വിദ്യാർത്ഥിനികൾക്കു സർവ്വകലാശാലയിലെ സയൻസ് ലാബ്രട്ടറികളിൽ കൂടക്കൂടെ പോകേണ്ട ആവശ്യമുള്ളതുകൊണ്ടു് കൂടക്കൂടെ "ചാക്കുമൂടി" യായി വണ്ടിയിൽ പോകേണ്ടതായിത്തന്നെയിരിക്കുന്നു. സമുദായത്തിൽ വിദ്യാഭ്യാസം വർദ്ധിക്കുന്തോറും, സംസ്കൃതചിത്തരായിതീരുന്ന ആളുകൾക്കു ഈ ആചാരത്തിന്റെ കാർക്കശ്യത്തിൽ വല്ലായ്മ തോന്നിത്തുടങ്ങിയിട്ടുണ്ടു്. ഈ കഠിനമായ 'ബുർഖാ' സമ്പ്രദായം അധികകാലം കഴിയുംമുമ്പെ അന്തർദ്ധാനം ചെയ്യുമെന്നും, ഇസ്ലാംമതം വിധിക്കുന്ന ലഘുവായ 'മറവു്' (Seclusion) കൊണ്ടു് സമുദായം സംതൃപ്തമാകുമെന്നും സമാശ്വസിക്കാവുന്നതാണു്.

പ്രിൻസിപ്പൽ.

വിമൻസ് കാളേജിലെ പ്രിൻസിപ്പലായ മിസ്സിസ്സ് മുംതാസ് ജെഹാൻ ഹൈദർ ബി. എ. (ആക്സൺ) എം. ഇ. ഡി. (ലീഡ്സ്) ഇംഗ്ലണ്ടിൽ നിന്നു് വിദ്യാഭ്യാസവിഷയത്തിലും മററും ഉന്നത ബിരുദ നേടിയിട്ടുള്ള ഒരു മാന്യയുവതി ആണു്. അവർ കാളേജ് സ്ഥാപകനായ ഷൈഖ് അബ്ദുല്ലാ സാഹിബിന്റെ പുത്രിയും, മുസ്ലിം യൂണിവേഴ്സിററിയിലെ കെമിസ്ട്രി ഡിപ്പാർട്ടുമെന്റു് മേലധ്യക്ഷനായ ക്യാപ്റ്റൻ ഹൈദർ ഖാൻ സാഹിബിന്റെ പത്നിയുമാണു്. ആംഗ്ലേയ ദേശത്തുപോയി വിദ്യാഭ്യാസം ചെയ്തിട്ടുള്ള അവർ അവിടത്തെ സാമൂഹ്യപ്പകിട്ടുകളിലൊന്നും ആസക്തിയില്ലാത്ത ശാന്തസ്വഭാവിനിയും, മതഭക്തയുമായ ഒരു ഉത്തമ സ്ത്രീയാണു്.

## ഏകാന്തതയോട്

(സാഹിത്യവിശാരദ്,
കവിയൂർ എം. ജി.)

ഏകാന്തതേ! നിന്റെ മുൻപിലെന്നു-
മീമൂകഗീതം ഞാൻ കാഴ്ചവെയ്ക്കും.
ചിന്നിച്ചിതറുമതിന്റെ രോരോ-
ചിററലതോറുമിഴഞ്ഞുചേരും.
മാമകമാനസമൈത്രകാല-
മോമനേ, നിന്നെപ്പിരിഞ്ഞുവാഴും.
തങ്കക്കിനാവുകൾ പുൽകിയെന്റെ-
സങ്കല്പം പൂത്തുതഴച്ചിടുമ്പോൾ;
നിർമ്മലപ്രേമവിലോലനായ് ഞാൻ
നിന്നണിപ്പൂങ്കവിൾ മുത്തിടുമ്പോൾ.
വ്യോമത്തെപ്പുൽകിപ്പുളകം ചാർത്തി.
തൂമിന്നൽത്തത്തിക്കളിച്ചമായും.
പൂവിട്ടഹേമന്തപ്പൂനിലാവിൽ
പൂങ്കുയിൽ പാട്ടും നികുഞ്ജകത്തിൽ;
ഓളംതുളുമ്പുമാലാവണ്യത്തിൽ.
ഓമനത്തങ്കക്കതിരൊളിയിൽ.
പ്രേമം തുടിക്കും പ്രപഞ്ചസത്യം.
പേശലപ്പുഞ്ചിരിതൂകിനിൽപ്പൂ.
മന്ദഹാസത്തിൽ കുളിരലയിൽ-
മന്ദാക്ഷമാധുരി ചേർത്തുവിശ്വം.
മുന്തിരിച്ചാറണിപ്പൊൻചഷക-
മെൻമുൻപിൽ നീട്ടിവിളിച്ചിടു-
മ്പോൾ;
ഏകാന്തതേ! നിന്റെ മുൻപിലെന്നു-
മീമൂകഗീതം ഞാൻ കാഴ്ചവെയ്ക്കും.

## സംശയം

(ഡാക്ടർ ചെല്ലപ്പൻനായർ)

മറവിയാം മൂടൽമഞ്ഞാടയാലേ
മറപിടിച്ചെത്തുമീമാനവത്വം
വെറുമൊരുപേക്കിനാവാണു
പാർത്താൽ
വെറുമൊരുനീർപ്പോളയാണു
പാർത്താൽ.
പരമസൌന്ദര്യമാന്ത്രഴിയെന്നാൽ,
നിരുപമസത്യമാം രാഗമെന്നാൽ,
സുകൃതഫലമാം നരത്വമെന്നാൽ,
വികൃതമായ് തീർക്കുന്നു നിർദ്ദയകൾ.
എവിടെയും നല്ല വെളിച്ചമെങ്കിൽ,
ഇരുളിലേയ്ക്കോടുന്നു മർത്ത്യചിത്തം.
എവിടെയും നിർമ്മലഗീതമെങ്കിൽ,
കപടത പാടുന്നു മർത്ത്യചിത്തം.
എവിടെയും പുഞ്ചിരി ചന്ദ്രികയിൽ
തിരയുന്നു വഞ്ചതി മർത്ത്യചിത്തം.
ഒരു വെറും കാനനസൂനമായി
വിരയെ വിരിയുന്നതെന്നു മർത്ത്യൻ!!

ഭാരതചന്ദ്രിക
വരിസംഖ്യ
ആണ്ടിൽ 6 ക.
ഒററപ്രതി 2 അണ.
പോസ്റ്റിൽ 7 ക.

**The Pakisthan Tea Stores**
KAYAMKULAM
Is famous for pure quality
ഏററവും രുചികരമായ തേയില
മിതമായ വിലയ്ക്കു് ആവശ്യമുള്ളവർ
കായംകുളത്തു്
**പാകിസ്ഥാൻ ടീ സ്റ്റോഴ്സിൽ**
അന്വേഷിക്കുക!!

**801-ന്റെ മാഹാത്മ്യം**
വസ്ത്ര വാഷിംഗ് സോപ്പുകൾ ഉപയോഗിക്കുന്നവർ പിന്നീടു് മററു സോപ്പുകൾ ഉപയോഗിക്കുന്നില്ല.
കായംകുളം
കൊച്ചിൻസ് സ്റ്റോഴ്സ്
സന്ദർശിക്കുക.
Proprietor
ഇല്യാസ്സ് അഹമ്മദ് സേട്ടു്
Sole Agent for:—Makso Biscuits 801 Soaps and Lekshmi Pencils.